പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 157 | 18.06.2012-ൽ മറുപടിക്ക്.

# കുറ്റാന്വേഷണത്തിന് പുതിയ സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ.പി. സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കേസന്വേഷണത്തിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; | : (എ) കേസന്വേഷണത്തിനും കുറ്റക്കാരെ വളരെ വേഗത്തിൽ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും അവർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി പോലീസ് വകുപ്പ് നൂതനവും, ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ആധുനികവൽക്കരണം പോലെയുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അത്യാധുനിക ഉപകരണങ്ങളും, വിദഗ്ദ്ധ പരിശീലനങ്ങളും പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു.<br>കുറ്റാന്വേഷണത്തിന് ഉതകുന്ന വിധത്തിലുള്ള മൊബൈൽ ഡിജിറ്റൽ ഇൻവെസ്റ്റിഗേഷൻ അസിസ്റ്റൻസ് പ്ലാറ്റ്ഫോം, സബ് ഡിവിഷണൽ ഓഫീസർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഫിംഗർപ്രിന്റ് ബ്യൂറോ ആസ്ഥാനത്തും, 10 ജില്ലകളിലും ആട്ടോമേറ്റഡ് ഫിംഗർ പ്രിന്റ് ഐഡന്റിഫിക്കേഷൻ സിസ്റ്റം സ്ഥാപിച്ചു. കൂടാതെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് ഇൻവെസ്റ്റിഗേഷൻ കിറ്റുകളും നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ തമ്മിൽ ബന്ധപ്പെടുത്തുന്ന ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു. |

(മറുപുറം)

കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് സ്കീമിന്റെ ഭാഗമായി സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ആഡിയോ വീഡിയോ അനാലിസിസ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേരളാ പോലീസിൽ സി.ബി.ഐ. മാതൃകയിൽ എസ്.ബി.ഐ. (സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ) എന്ന ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ എന്തെല്ലാം സഹായങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

: (ബി) & (സി)

പോലീസ് സേനയുടെ ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുകയാണ് പ്രധാനമായും ഇതിനായി പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. 2012-13-ലെ ആധുനികവൽക്കരണ പദ്ധതി പ്രകാരം കേന്ദ്ര സഹായം ലഭിക്കുന്നതിനുവേണ്ടി വിശദമായ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ